88

# നിങ്ങളുടെ വിധി എന്ത്?

## യേശുവിന്റെ വിചാരണകൾ,[1]

## ഒരടുത്ത നോട്ടം

യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട നാം ക്രൂശിനെ നോക്കുന്നത് സമ്മിശ്ര വികാരങ്ങളോടെയാണ്, ക്രിസ്തുവിന്റെ കഷ്ടതയെ കുറിച്ച് ഓർക്കു മ്പോൾ വേദനയും നമുക്ക് രക്ഷ കിട്ടിയത് ഓർക്കുമ്പോൾ സന്തോഷവുമാ ണുണ്ടാകുന്നത്. ഒന്നാം നൂറ്റാണ്ടിൽ, ശരാശരി ആളുകൾ ക്രൂശിനെ നോക്കു ന്നത് വേദനയുടേയും മാനഹാനിയുടേയും അടയാളമായിട്ടായിരുന്നു (1 കൊരിന്ത്യർ 1:18; ഗലാത്യർ 3:13; എബ്രായർ 12:2 നോക്കുക). റോമൻ ക്രൂശിൽ മരിക്കുന്നവൻ രക്ഷകനായി തീരുന്നു എന്നത് ആദ്യ സുവിശേഷ കന്മാർക്ക് ദുരഭിമാനത്തെ അതിജീവിക്കേണ്ട ഒരു വെല്ലുവിളിയായിരുന്നു. ആ വെല്ലുവിളിയെ കുറിച്ച് പൗലൊസ് എഴുതി: "... ഞങ്ങളോ ക്രൂശിക്ക പ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു, യെഹൂദന്മാർക്ക് ഇടർച്ചയും ജാതി കൾക്ക് ഭോഷത്വവുമെങ്കിലും" (1 കൊരിന്ത്യർ 1:23).

കുറ്റം ചുമത്തപ്പെട്ട കുറ്റക്കാരനായി യേശു മരിച്ച വസ്തുത ഇന്നും ചില രുടെ വിശ്വാസത്തിനു തടസമാകുന്നുണ്ട്. ക്രിസ്ത്യാനിത്വത്തിന്റെ എതിരാ ളികൾ ചൂണ്ടിക്കാണിക്കുന്നത് യെഹൂദന്മാരും റോമാക്കാരും യേശുവിനെ മരണത്തിന് വിധിച്ചു എന്നാണ്. അന്നത്തെ മതപരമായ ആളുകളും രാഷ്ട്രീ യമായ സ്ഥിരതയുള്ളവരും ഒരേ സ്വരത്തിൽ യേശുവിനെ മരണത്തിനു വിധിച്ചു. അങ്ങനെയുള്ള ഒരാളെ ലോകരക്ഷിതായി കരുതുക വിഡ്ഢിത്ത മാണെന്നാണ് അവർ കരുതുന്നത്. ആ തടസങ്ങൾക്ക് ഉത്തരം നൽകുവാൻ അവന്റെ വിചാരണകളിൽ എന്തു നടന്നു എന്ന് നാം മനസിലാക്കണം.[2] നിര പരാധിയായ ഒരാളെ എങ്ങനെ മരണശിക്ഷക്കു വിധിക്കുന്നു എന്ന് നാം മനസിലാക്കണം.

ഈ പ്രസംഗത്തിൽ, നാം ശ്രദ്ധ ചെലുത്തുന്നത് യേശുവിനെ യെഹൂദ ന്മാരും റോമാക്കാരും വിചാരണ നടത്തിയ വിവിധ വശങ്ങളെ കുറിച്ചാണ്.[3] കർത്താവിനെ വിചാരണ ചെയ്തവരുടെ ചില ഉദ്ദേശങ്ങൾ നാം പരിശോധി ക്കും. അവരുടെ നിയമവിരുദ്ധ നടപടികളെ നാം കാണും. അവരുടെ വിചാ രണയിൽ, അവൻ ദൈവപുത്രൻ അല്ല എന്നു തെളിയിക്കുന്നതിനു പകരം, അവൻ, ദൈവപുത്രൻ ആണെന്ന് തെളിയിക്കുകയായിരുന്നു. പ്രസംഗം അവ സാനിപ്പിക്കുന്നതിനു മുൻപ്, നാം ഇപ്പോഴത്തെ പ്രായോഗികത വരുത്തുന്ന താണ്:പലരുടേയും ഉള്ളിൽ ഇപ്പോഴും യേശുവിനെ "വിചാരണ" നടത്തി ക്കൊണ്ടിരിക്കുകയാണ്.: ഒരുപക്ഷെ നിങ്ങളുടെ ഉള്ളിൽ ഇപ്പോൾ വിചാരണ നടന്നുകൊണ്ടിരിക്കയാവാം; ഒരുപക്ഷെ നിങ്ങൾ അവനെ വിശ്വസിക്കുന്ന തിനെ കുറിച്ച് തീരുമാനം എടുത്തിട്ടില്ലായിരിക്കാം. നിങ്ങളുടെ വിധി നട ത്തുവാനുള്ള വെല്ലുവിളിയിലാണ് ഇപ്പോൾ നിങ്ങൾ: കുറ്റമുള്ളവനാണോ അതോ നിരപരാധിയാണോ? അവൻ കുറ്റക്കാരനോ അതോ ക്രിസ്തുവോ?

## ഒന്നാം നൂറ്റാണ്ടിൽ യേശു വിചാരണയിൽ

### എതിരഭിപ്രായം മുന്നിട്ടുനിന്നു(ന്യായാധിപസഭ)

ന്യായാധിപസഭയുടെ മുമ്പിൽവെച്ചുള്ള യേശുവിന്റെ "വിചാരണ" യോടുകൂടി നമുക്ക് തുടങ്ങാം. യെഹൂദപ്രമാണിമാർ ന്യായമല്ല നോക്കിയത് ന്യായീകരണമാണ് – ആഴ്ച്ചകൾക്ക് മുൻപ് അവർ എടുത്ത ഒരു തീരുമാനത്തെ ന്യായീകരിക്കുവാൻ (യോഹന്നാൻ 11:47–53, 57). "നിയമമെന്ന നാട്യത്തിൽ ചെയ്ത ഒരു പാതക പ്രഹസനമായിരുന്നു യേശുവിനെ [യെഹൂദന്മാർ] വിചാരണ ചെയ്തതെന്നാണ് [സൈമൺ] ഗ്രീൻലീഫ് എന്ന ഹാർവേഡ് പ്രൊഫസറും[4] നിയമജ്ഞനും (1846) കരുതിയത്."[5]

നിയമനടപടികളെ കുറിച്ച് ഉപരിതല ജ്ഞാനം മാത്രമുള്ള നമുക്ക് പോലും, യേശുവിനെ യെഹൂദന്മാർ "വിചാരണ" നടത്തിയത് നാട്യമായിരുന്നു എന്നത്, തീർച്ചയാക്കാം. കയ്യഫാവിന്റേയും, അവന്റെ അനുയായികളുടേയും പക്ഷവാദത്തെ മത്തായി എടുത്തുകാണിക്കുന്നുണ്ട്: "മഹാപുരോഹിതന്മാരും ന്യായാധിപസംഘം ഒക്കെയും യേശുവിനെ കൊല്ലേണ്ടതിന്ന് അവന്റെ നേരെ കള്ളസാക്ഷ്യം അന്വേഷിച്ചു; കള്ളസാക്ഷികൾ പലരും വന്നിട്ടും പറ്റിയില്ല" (മത്തായി 26:59, 60). കള്ളസാക്ഷ്യം പറയരുത് എന്ന് ന്യായപ്രമാണത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട് (പുറപ്പാട് 20:16; ആവർത്തനപുസ്തകം 19:15–21).

ക്രിസ്തുവിനെ പിലാത്തൊസിന്റെ മുമ്പിൽ ന്യായാധിപസഭ കൊണ്ടുവന്നതിലും സത്യസന്ധതയില്ലായ്മ പ്രകടമായിരുന്നു. അവർ ദൈവദൂഷണം എന്ന മതപരമായ കുറ്റം മാറ്റി രാഷ്ട്രീയകുറ്റമായ രാജ്യദ്രോഹമാക്കി മാറ്റി (മത്തായി 26:65, 66; ലൂക്കൊസ് 23:2). അവർ പിലാത്തൊസിനോട് യേശുവിനെ കുറ്റപ്പെടുത്തിയത് ഒന്നും അവർക്ക് തെളിയിക്കുവാൻ കഴിഞ്ഞില്ല. റോമൻ വിചാരണയിലുടനീളം (അതു പിന്നീട് നാം ചർച്ച ചെയ്യും) ന്യായാധിപസഭ അസ്ഥിരമായി കാണപ്പെട്ടു.

- അവർ യേശുവിൽ ദൈവദൂഷണം എന്ന കുറ്റം ചുമത്തി, പിന്നെ, ഫലത്തിൽ, യഹോവ അവരുടെ രാജാവാണെന്ന കാര്യം അവർ നിഷേധിക്കയും ചെയ്തു (യോഹന്നാൻ 19:15 നോക്കുക) – ദൈവത്തെ ദുഷിക്കുന്ന ആശയം.
- കലഹം ഉണ്ടാക്കിയ വ്യക്തി എന്നായിരുന്നു അവർ യേശുവിൽ കുറ്റം ചുമത്തിയത് (ലൂക്കൊസ് 23:5 നോക്കുക). പിന്നെ പിലാത്തൊസിൽ സമ്മർദ്ദം ചെലുത്തുവാൻ അവർ തന്നെ കലഹം ഉണ്ടാക്കി (മത്തായി 27:24).
- യേശുവിൽ രാജ്യദ്രോഹകുറ്റമുള്ളതുകൊണ്ട് അവനെ വിട്ടയക്കരുതെന്നായിരുന്നു അവർ പറഞ്ഞത് (ലൂക്കൊസ് 23:2), പിന്നെ രാജ്യദ്രോഹകുറ്റം ചെയ്തയാളെ വിട്ടുകൊടുപ്പാൻ അവർ ആവശ്യപ്പെട്ടു (മർക്കൊസ് 15:7, 11).

എങ്ങനെയായാലും, പ്രശ്നം, യെഹൂദ നിയമവ്യവസ്ഥയുടേതായിരുന്നില്ല

എന്ന് മനസിലാക്കുക; വിധികല്പിതമായ ആ വെള്ളിയാഴ്ച്ച നിയമപാലകരുടേതായിരുന്നു കുഴപ്പം. യെഹൂദനിയമ വ്യവസ്ഥ മനുഷ്യർക്കുള്ള ഏറ്റവും നല്ല നിയമമായി ലോകത്തിൽ അംഗീകരിക്കപ്പെട്ടിരുന്നു. യിസ്രായേല്യനായ ഒരാൾ ഏതു ഹീനകൃത്യം ചെയ്താലും ആ ജീവനെ സംരക്ഷിക്കുന്ന നിയമമായിരുന്നു അത്. രണ്ടാം നൂറ്റാണ്ടിൽ, യെഹൂദ നിയമ നടപടികളെ കുറിച്ച് വാല്യമായി എഴുതപ്പെട്ട പുസ്തകത്തെ *മിഷ്നാഹ്* എന്നറിയപ്പെട്ടിരുന്നു എന്ന് പാരമ്പര്യം പറയുന്നു.[6] യേശുവിനെ വിചാരണ ചെയ്തപ്പോൾ ഏത് നിയമാവലികളാണ് നിലവിലുണ്ടായിരുന്നത് എന്നതിനെ കുറിച്ച് ചോദ്യമുയർന്നിട്ടുണ്ട്, എന്നാൽ പലരും വിശ്വസിക്കുന്നത്, നിയമസുരക്ഷിതത്വത്തിൽ ചുരുങ്ങിയത് താഴെ കൊടുത്തിരിക്കുന്നവ ഉൾപ്പെട്ടിരുന്നു.

- മുഖ്യ കേസുകളെല്ലാം പകൽ മാത്രമെ വിചാരണ ചെയ്യാവു (മിഷ്നാഹ് സാൻഹെഡ്രിൻ 4.1). ന്യായവിധി നടത്തുന്നതിന്റെ ക്ലേശം ഒഴിവാക്കുവാനാണത്.
- ന്യായം വിധിക്കുന്നവർ കുറ്റം ആരോപിക്കപ്പെട്ട ആളിൽ കുറ്റം എങ്ങനെയെങ്കിലും കണ്ടെത്തേണ്ടതിനല്ല ശ്രമിക്കേണ്ടത്, പിന്നെയോ, എങ്ങനെയെങ്കിലും വിട്ടയക്കുവാനാണ് ശ്രമിക്കേണ്ടത് (മിഷ്നാഹ് സാൻഹെഡ്രിൻ 4.1; 4.5; 5.4 നോക്കുക).
- മുഖ്യകേസിലെ കുറ്റം ഐകകണ്ഠേനയുള്ള വോട്ടെടുപ്പ്കൊണ്ട് അസാധുവാകും (മിഷ്നാഹ് സാൻഹെഡ്രിൻ 4.1). ഐകകണ്ഠേനയുള്ള വോട്ട് സൂചിപ്പിക്കുന്നത് പുരുഷാരത്തിന്റെ പ്രവൃത്തിയാകാം, അല്ലാതെ ഏതാനും പേരുടെ മാത്രം തീരുമാനമാകരുത്.
- ന്യായാധിപസംഘം ഒരു ദിവസം തന്നെ ഒരാളിൽ കുറ്റം കണ്ടെത്തി ശിക്ഷിക്കാവുന്നതല്ല (മിഷ്നാഹ് സാൻഹെഡ്രിൻ 4.1; 5.5). അവർ എടുത്ത വിധിയെ കുറിച്ച് വീട്ടിൽ പോയി ചിന്തിക്കണം.
- അദ്ധ്യക്ഷനായിരിക്കുന്ന മഹാപുരോഹിതൻ, ആ കേസിനെ കുറിച്ച് തന്റെ അഭിപ്രായം പറയാവുന്നതല്ല, കാരണം അദ്ദേഹത്തിന്റെ അഭിപ്രായം ചെറുപ്പക്കാരായ അംഗങ്ങളെ സ്വാധീനിക്കുവാനിടയുണ്ട് (മിഷ്നാഹ് സാൻഹെഡ്രിൻ 4.2).[7]

യെഹൂദന്മാർ യേശുവിനെ "വിചാരണ" നടത്തിയപ്പോൾ ഈ അടിസ്ഥാനനിയമാവലികളെല്ലാം ലംഘിക്കപ്പെട്ടിരുന്നു.

- അവനെ വിചാരണ ചെയ്തതും കുറ്റം കണ്ടെത്തിയതും രാത്രിയായിരുന്നു (മത്തായി 26:57, 66; 27:1).
- അവൻ കുറ്റക്കാരനാണെന്നു കണ്ടെത്തുവാനല്ലാതെ, നിരപരാധിയാണെന്ന് തെളിയിക്കുവാൻ ന്യായാധിപന്മാർ ഒരു ശ്രമവും നടത്തിയില്ല (മത്തായി 26:59).
- യേശുവിനെതിരായുള്ള ന്യായാധിപസഭയുടെ വോട്ട് സ്പഷ്ടമായും ഏകകണ്ഠമായിരുന്നു (മർക്കൊസ് 14:64; ലൂക്കൊസ് 22:70, 71; മത്തായി 27:1; മർക്കൊസ് 15:1; ലൂക്കൊസ് 23:1).[8]
- വിധിയും ശിക്ഷയും ഒരേ രാത്രി തന്നെ നടത്തി (മത്തായി 26:65, 66; 27:1).

- മഹാപുരോഹിതൻ ആദ്യം വിധി പ്രസ്താവിക്കയും പിന്നീട് എല്ലാവരെക്കൊണ്ടും ഉറപ്പിക്കുകയാണ് ചെയ്തത് (മത്തായി 26:65, 66).

ബൈബിളിൽ വിവരിച്ചിരിക്കുന്ന യേശുവിന്റെ യെഹൂദവിചാരണ വിശ്വസിക്കാമെങ്കിൽ,[9] നിയമരാഹിത്യം[10] നടന്നിട്ടുണ്ടോ എന്നതല്ല ചോദ്യം – എത്ര നടന്നിട്ടുണ്ട്[11] എന്നു മാത്രമെ ചോദിക്കുവാനുള്ളു. മുകളിൽ പറഞ്ഞവ കൂടാതെ വേറെയും ലിസ്റ്റിൽ ചേർക്കാവുന്നതാണ്.[12]

- വിചാരണ മഹാപുരോഹിതന്റെ ഭവനത്തിൽ നടത്തിയത് ശരിയായില്ല (മിഷ്നാഹ് സാൻഹെഡ്രിൻ 11:2).
- പെരുന്നാൾ ദിവസമായിരുന്നു വിചാരണ നടത്തിയത് (മിഷ്നാഹ് സാൻഹെഡ്രിൻ 4:1).
- ദൈവദൂഷണകുറ്റം ചുമത്തിയാണ് യേശുവിനെ ശിക്ഷക്കു വിധിച്ചത്, എന്നാൽ അവന്റെ പ്രസ്താവന യെഹൂദന്മാരുടെ നിയമാവലി അനുസരിച്ച് "ദൈവദൂഷണം" ആയിരുന്നില്ല. നിയമസാധുതക്ക്, റബ്ബിമാർ ആ വാക്കിന് ഇടുങ്ങിയ നിർവ്വചനം നൽകിയിട്ടുണ്ട്. ന്യായപ്രമാണമനുസരിച്ച്, ദൈവത്തെ ശപിക്കുന്നതാണ് "ദൈവദൂഷണം." റബ്ബിമാർ പറയുന്നതനുസരിച്ച്, ദൈവനാമം ഒരാൾ വേറിട്ട് ഉപയോഗിച്ചാലാണ് ദൈവദൂഷണക്കാരൻ കുറ്റമുള്ളവനാകുന്നത് (മിഷ്നാഹ്, സാൻഹേദ്രിൻ 7:5).

വീണ്ടും, പറയട്ടെ, കുഴപ്പം യെഹൂദനിയമാവലിയുടേതായിരുന്നില്ല, മറിച്ച് നിയമം നടപ്പാക്കുന്നവരുടേതായിരുന്നു. യെഹൂദന്മാർ യേശുവിനെ വിചാരണ ചെയ്തു കുറ്റം കണ്ടെത്തിയില്ല. മറിച്ച് അവനിൽ കുറ്റം ചുമത്തുകയും പിന്നെ വിചാരണ നടത്തുകയുമാണ് ചെയ്തത്. നിഷ്പ്പക്ഷമായി സുവിശേഷവിവരണങ്ങൾ വായിക്കുന്ന ഏതൊരാളും ന്യായാധിപസഭ യേശുവിനെ വിചാരണ നടത്തിയതിൽ "ഒരു കുറ്റവും" വിധിക്കുകയില്ല!

**രാഷ്ട്രീയം പ്രബലപ്പെട്ടു: പിലാത്തൊസ്**

നമുക്ക് ഇനി റോമൻ വിചാരണയിലേക്ക് കടക്കാം. യേശുവിന്റെ വിചാരണ പിലാത്തൊസിന്റെ മുമ്പിലേത് റോമാ നടപടികളനുസരിച്ച് നീതിപൂർവ്വമായിരുന്നു. റോമാ സാമ്രാജ്യത്തിന് നീതി പ്രാധാന്യമുള്ള ഒന്നായിരുന്നു: "ആകാശം വീണാലും, നീതി നടക്കട്ടെ!" എന്നതായിരുന്നു അവരുടെ മോട്ടോ.[13] അത്തരം കാര്യങ്ങൾ അറിയാവുന്നവർ നമ്മോട് പറയുന്നത് "പിലാത്തൊസിന്റെ മുമ്പിലുള്ള ക്രിസ്തുവിന്റെ വിചാരണ എല്ലാം പ്രാദേശികമായ നാടുവാഴിയുടെ കോഗ്നീഷ്യോ (പരിശോധന) അനുസരിച്ചായിരുന്നു എന്നാണ്."[14] അടിസ്ഥാനപരമായ നടപടികൾ താഴെ കൊടുത്തിരിക്കുന്ന വിധത്തിലാണ്:

- കേസ് വിചാരണ ചെയ്യുന്ന ഉത്തരവാദിത്വം നാടുവാഴിക്കാണ്; മറ്റ് അംഗങ്ങളില്ലായിരുന്നു.
- കുറ്റാരോപണങ്ങൾ നാടുവാഴി കേട്ടു.
- കുറ്റാരോപകനെ നാടുവാഴി ചോദ്യം ചെയ്തു.

- ആവശ്യമെന്ന് തോന്നിയാൽ നാടുവാഴിക്ക് സഹായിയെ ആവശ്യ പ്പെടാം.
- പരിശോധന പൂർത്തിയാക്കിയശേഷം നാടുവാഴി തന്റെ ന്യായാസ നത്തിലിരുന്ന് വിധി പ്രസ്താവിക്കും, "റോമൻ നിയമമനുസരിച്ച്, മജിസ്ട്രേറ്റ് തന്റെ മരണശിക്ഷാവിധി പ്രഖ്യാപിക്കുന്നത് ന്യായാസ നത്തിൽ ഇരുന്നാണ്."15

ആദ്യഘട്ടത്തിൽ, യേശുവിനെ റോമൻ വിചാരണ നടത്തിയപ്പോൾ താഴെ കൊടുത്ത നടപടിയാണുണ്ടായത്:

- യേശുവിനെ പിലാത്തൊസിന് ഏല്പിച്ചു കൊടുത്തു (മത്തായി 27:2; മർക്കൊസ് 15:1; ലൂക്കൊസ് 23:1); വിചാരണയുടെ പൂർണ്ണ ഉത്തര വാദിത്വം നാടുവാഴിക്ക് മാത്രമായിരുന്നു.
- യെഹൂദ പ്രമാണിമാർ അവർക്ക് പറയുവാനുള്ള ആരോപണങ്ങ ളെല്ലാം പിലാത്തൊസിനോട് പറഞ്ഞു (യോഹന്നാൻ 18:29, 30; ലൂക്കൊസ് 23:2).
- പിലാത്തൊസ് യേശുവിനെ ചോദ്യം ചെയ്തു (മത്തായി 27:11; മർക്കൊസ് 15:2; ലൂക്കൊസ് 23:3; യോഹന്നാൻ 18:33–38).
- പിലാത്തൊസ് യേശുവിനെ ഹെരോദാവിന്റെ അടുക്കലേക്ക് അയച്ച പ്രവൃത്തി മറ്റൊരാളുടെ അഭിപ്രായം ചോദിക്കുന്നതിനു തടസമാ യേക്കാം (ലൂക്കൊസ് 23:15 നോക്കുക).
- ന്യായാസനത്തെ കുറിച്ച് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട് (മത്തായി 27:19; യോഹന്നാൻ 19:13); റോമൻ ഔദ്യോഗിക പ്രതിനിധിയായിട്ടാ യിരുന്നു പിലാത്തൊസ് സംസാരിച്ചത്. "പിലാത്തൊസ് [ന്യായാസ നത്തിൽ] ഇരുന്നപ്പോൾ അവൻ റോം ആയിരുന്നു."[16]

പിലാത്തൊസ് എഴുതപ്പെട്ട നടപടി ക്രമം പാലിച്ചില്ല എന്നതല്ല പ്രശ്നം. ഒരിക്കൽ അവൻ പ്രസ്താവിച്ച വിധിയിൽ അവൻ ഉറച്ചു നിന്നില്ല എന്നതാ യിരുന്നു പ്രശ്നം. അവൻ യേശുവിനെ ചോദ്യം ചെയ്തശേഷം, അവനെ പുരുഷാരത്തിന് ഏല്പിച്ചുകൊണ്ട് പറഞ്ഞു, "ഞാൻ ഈ മനുഷ്യനിൽ ഒരു കുറ്റവും കാണുന്നില്ല'' (ലൂക്കൊസ് 23:4; വാ. 14 നോക്കുക). എൻഐവി യിൽ "കുറ്റം ചുമത്തുവാൻ ഈ മനുഷ്യനിൽ ഒരടിസ്ഥാനവും ഞാൻ കാണു ന്നില്ല" എന്നാണ്. ആ സമയത്ത് അവന് യേശുവിനെ വിട്ടയക്കാമായിരു ന്നു[17] – പക്ഷെ അവൻ അതു ചെയ്തില്ല.

വിചാരണക്കിടയിൽ, യേശുവിൽ "കുറ്റം ഒന്നുമില്ല!" എന്ന് പിലാത്തൊസ് ആവർത്തിച്ചുകൊണ്ടിരുന്നു.[18]

> "ഈ മനുഷ്യനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല" (ലൂക്കൊസ് 23:4).
> "... നിങ്ങൾ ചുമത്തിയ കുറ്റം ഒന്നും ഞാൻ അവനിൽ കണ്ടില്ല" (ലൂക്കൊസ് 23:14).
> മൂന്നാം പ്രാവശ്യവും അവൻ അവരോട് പറഞ്ഞു, "... അവൻ എന്ത് ദോഷം ചെയ്തു? മരണയോഗ്യമായത് ഒന്നും അവനിൽ കണ്ടില്ല ..." (ലൂക്കൊസ് 23:22).

> പിലാത്തൊസ് ... പുറത്ത് വന്ന് യെഹൂദന്മാരോട്, "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്നു പറഞ്ഞു" (യോഹന്നാൻ 18:38).
> പിലാത്തൊസ് വീണ്ടും പുറത്ത് വന്ന് അവരോട് പറഞ്ഞു, "ആ മനുഷ്യൻ ഇതാ, ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്ന് നിങ്ങളെ അറിയിക്കേണ്ടതിന്ന് അവനെ നിങ്ങൾക്ക് ഏല്പിക്കുന്നു" (യോഹന്നാൻ 19:4).
> പിലാത്തൊസ് അവരോട് പറഞ്ഞു, "... ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല" (യോഹന്നാൻ 19:6).

"ഇരട്ട വിപത്തിനെതിരെ"[19] തടയിടുക എന്നതാണ് നീതിയുടെ അടിസ്ഥാന തത്വം. ഒരാൾ ചെയ്ത കുറ്റത്തിന് ഒരു പ്രാവശ്യം വിചാരണ ചെയ്താൽ അതേ കുറ്റത്തിന് വീണ്ടും വിചാരണ ചെയ്യുകയില്ല എന്നതാണ് "ഇരട്ട വിപത്ത്" ഒഴിവാക്കൽ കൊണ്ടുദ്ദേശിക്കുന്നത്. പിലാത്തൊസിന്റെ മുൻപിലെ യേശുവിന്റെ വിചാരണ *ഇരട്ട വിപത്തല്ല*, *"മൂന്നു വിപത്തിനാണിര*യായത്" ... അതിലും കൂടതലായിട്ടുണ്ട്.

പിലാത്തൊസ് അങ്ങനെ ചെയ്യുവാൻ കാരണം, രാഷ്ട്രിയമായ ആനുകൂല്യത്തിനായിരുന്ന് അത്[20] – എന്നാൽ അതു ശരിയായ നിലപാടായിരുന്നില്ല. യെഹൂദന്മാർ സമ്മർദ്ദം വർദ്ധിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, "യേശുവിനെ ... ഒരു ഉദ്യോഗസ്ഥനിൽ നിന്ന് മറ്റൊരാളുടെ അടുക്കലേക്ക് അതിവേഗത്തിൽ അയക്കുകയും,"[21] അവസാനം, പിലാത്തൊസ് അവനെ "ക്രൂശിക്കുവാൻ ഏല്പിച്ചുകൊടുക്കുകയും ചെയ്തു" (മത്തായി 27:26).

യേശുവിനെ വിചാരണ ചെയ്തപ്പോൾ പിലാത്തൊസ് അവനിൽ കുറ്റം കണ്ടെത്തിയില്ല. അതുകൊണ്ട്, റോമാ നാടുവാഴി അവൻ നിരപരാധിയാണെന്ന് പറഞ്ഞു – പല പ്രാവശ്യം പറഞ്ഞു. വിചാരണയിലുടനീളവും തുടർന്നുള്ള സംഭവങ്ങളും സാക്ഷീകരിച്ചവർക്ക് അവൻ നിരപരാധി ആണെന്ന് അറിയാമായിരുന്നു. അവൻ നിരപരാധി ആയിരുന്നുവെന്ന് അവന്റെ ശത്രുക്കൾക്ക് അറിയാമായിരുന്നു.[22] അവൻ നിരപരാധി ആയിരുന്നു എന്ന് പിലാത്തൊസിന്ന് അറിയാമായിരുന്നു. അവൻ നിരപരാധി ആയിരുന്നു എന്ന് പിലാത്തൊസിന്റെ ഭാര്യക്ക് അറിയാമായിരുന്നു (മത്തായി 27:19). അവൻ നിരപരാധി ആയിരുന്നു എന്ന് ഹെരോദാവിന് അറിയാമായിരുന്നു (ലൂക്കൊസ് 23:15). അവൻ നിരപരാധി ആയിരുന്നു എന്ന്, അവനെ ഒറ്റിക്കൊടുത്ത യൂദായ്ക്ക് അറിയാമായിരുന്നു (മത്തായി 27:4). യേശുവിനോടുകൂടെ ക്രൂശിൽ തറെക്കപ്പെട്ട ഒരു കള്ളനും, അവൻ നിരപരാധി ആയിരുന്നു എന്ന് അറിയാമായിരുന്നു (ലൂക്കൊസ് 23:41). അവൻ നിരപരാധി ആയിരുന്നു എന്ന് അവനെ ക്രൂശിൽ തറെക്കുവാൻ പങ്കെടുത്ത ശതാധിപനുപോലും അവൻ നിരപരാധി ആയിരുന്നു എന്ന് അറിയാമായിരുന്നു (മത്തായി 27:54; മർക്കൊസ് 15:39).

## ഇരുപത്തി-ഒന്നാം നൂറ്റാണ്ടിൽ യേശു വിചാരണയിൽ

നമുക്ക് ഇനി ഒന്നാം നൂറ്റാണ്ടിൽ നിന്ന് ഇരുപത്തി–ഒന്നാം നൂറ്റാണ്ടിലേക്ക് കടക്കാം. യേശുവിനെ മറ്റുള്ളവർ വിധിച്ചത് നാം കാണുകയുണ്ടായി, ഇപ്പോൾ "നിങ്ങളുടെ വിധി എന്താണ്?" എന്ന് ഞാൻ ചോദിക്കുന്നു. പെട്ടെന്ന് മറുപടി പറയരുത്. നിങ്ങളുടെ തീരുമാനത്തിന് പ്രാധാന്യമുണ്ടെന്ന് മനസിലാക്കുക.

"എന്റെ വിധി 'അവനിൽ കുറ്റമില്ല'" അവൻ മരിക്കേണ്ടതില്ല എന്നാണ് എന്ന് ഒരാൾ പറയുമെന്ന് ഞാൻ ഊഹിക്കുന്നു – അത് ആ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നത് തിരിച്ചറിയാതെയാണ്. അവനെ നിങ്ങളുടെ ജീവിതത്തിൽ ദൈവപുത്രനായും കർത്താവായും സ്വീകരിക്കുന്നതുവരെ നിങ്ങൾക്ക് സ്ഥിരമായി അവനിൽ "കുറ്റം ഇല്ല" എന്നു പറയുവാൻ സാധ്യമല്ല.

അങ്ങനെ ഞാൻ ഉറപ്പിക്കുവാൻ കാരണം എന്താണ്? യേശുവിനെ യെഹൂദന്മാരും റോമാക്കാരും വിചാരണ ചെയ്തതെന്തിനാണെന്ന് അവലോകനം ചെയ്യുക. അവൻ ദൈവപുത്രനാണെന്ന് സമ്മതിച്ചപ്പോൾ, യെഹൂദന്മാർ അവനിൽ ദൈവദൂഷണ കുറ്റം ചുമത്തി (മത്തായി 26:63–66). യേശുവിന്റെ ദൈവികത്വം സ്വീകരിക്കുവാൻ മനസില്ലാത്തതുകൊണ്ട് അവർ അവനിൽ "കുറ്റം ചുമത്തി." അവൻ രാജാവാണെന്ന് അവകാശപ്പെട്ടു എന്നതായിരുന്നു അവർ പിലാത്തൊസിനോട് ആരോപിച്ച കുറ്റം (ലൂക്കൊസ് 23:2), അവൻ നിഷേധിക്കാതിരുന്ന ആരോപണമായിരുന്നു അത് (മത്തായി 27:11). അവൻ തന്നെത്താൻ യെഹൂദന്മാരുടെ രാജാവാണെന്ന് പറഞ്ഞതായ "കുറ്റത്തിന്" അവനെ അവർ റോമാ കുരിശിൽ തറെപ്പിച്ചു കൊന്നു (യോഹന്നാൻ 19:19–22 നോക്കുക). അവൻ അവകാശപ്പെട്ട ദൈവികത്വം അവന്റെ ശത്രുക്കൾ നിഷേധിച്ചു; അവരുടെ ദൃഷ്ടിയിൽ അവൻ മരണയോഗ്യനായ കലഹക്കാരൻ ആയിരുന്നു.

അതെല്ലാം മനസിൽ വെച്ചുകൊണ്ട്, ഞാൻ നിങ്ങളോട് ചോദിക്കട്ടെ, "*നിങ്ങളുടെ* വിധി എന്ത്?" അവൻ ദൈവപുത്രനെന്ന് അവകാശപ്പെട്ടപ്പോൾ, യേശു ദൈവദൂഷണം പറഞ്ഞു എന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ – അല്ലെങ്കിൽ അവൻ ദൈവത്തിന്റെ പുത്രനാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അവൻ രാഷ്ട്രീയ കലഹമുണ്ടാക്കി രാജ്യദ്രോഹം ചെയ്തു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ – അല്ലെങ്കിൽ നിങ്ങൾ അവനെ "രാജാധിരാജാവും കർത്താധികർത്താവും ആയി സ്വീകരിക്കുമോ" (വെളിപ്പാട് 19:16)? എന്തു തന്നെയായാലും, നിങ്ങളുടെ ഇഛ മാറ്റി അവന്റെ ഇഛക്ക് കീഴ്പ്പെട്ട്, അവന്റെ പ്രജ ആകുവാൻ നിങ്ങൾ തയ്യാറാണോ (ലൂക്കൊസ് 6:46)? നിങ്ങൾ അവനെ ദൈവപുത്രനായും നിങ്ങളുടെ ജീവിതത്തിൽ കർത്താവായും സ്വീകരിക്കുന്നതുവരെ, യേശുവിൽ "ഒരു കുറ്റവുമില്ല" എന്ന് പ്രസ്താവിക്കുവാൻ സാധ്യമല്ല എന്നു ഞാൻ ആവർത്തിച്ചു പറയട്ടെ.

യേശുവിനെ റോമൻ കുരിശിലേറ്റിയത് അവന്റെ ജീവിതത്തിലെ പാപം നിമിത്തമായിരുന്നില്ല, മറ്റുള്ളവരുടെ പാപം നിമിത്തമായിരുന്നു.[23] വളരെ മുമ്പ–ത്തെ ഒരു വെള്ളിയാഴ്ച, അസൂയയും, അജ്ഞതയും, വിട്ടുവീഴ്ച്ചയും നീതിയെ ചവുട്ടി മെതിച്ചുകളഞ്ഞു (മത്തായി 27:18; പ്രവൃത്തികൾ 3:17; മർക്കൊസ് 15:15 നോക്കുക). യേശു വാസ്തവത്തിൽ ആരാണെന്നറിയുന്നതിൽനിന്ന് ആളുകളെ ഇത്തരത്തിലുള്ളതും ഇവയുമായി ബന്ധപ്പെട്ട മറ്റുമനോഭാവങ്ങളും ആളുകളെ അന്ധരാക്കുന്നു. ചില ആളുകൾ അവനെ കുറിച്ച് മറ്റുള്ളവർ പറഞ്ഞതിനനുസരിച്ച് മുൻവിധിയുള്ളവരാകുന്നു. വേറെ ചിലർ യേശുവിനെ കുറിച്ച് തിരുവെഴുത്ത് പഠിപ്പിക്കുന്നതിൽ അജ്ഞതയുള്ളവരാകുന്നു. പിലാത്തൊസിനെപോലെ അനവധി പേർ അവന്നുവേണ്ടി ഒരു നിലപാട് എടുക്കാൻ കഴിയാത്തവരാണ്, അവർ "സമൂഹത്തെ തൃപ്തിപ്പെടുത്തുവാൻ" ആഗ്രഹിക്കുന്നു (മർക്കൊസ് 15:15).

ന്യായാധിപസഭ യേശുവിനെ വിചാരണ ചെയ്തപ്പോൾ, അവൻ അവരുടെ അടച്ച–മനസിനെ ചൂണ്ടിക്കാട്ടി. "ഞാൻ [ക്രിസ്തു ആണെന്ന്] നിങ്ങ

ളോട് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ല, ഞാൻ [നിങ്ങളോട്] ചോദിച്ചാൽ ഉത്തരം പറകയുമില്ല" (ലൂക്കൊസ് 22:67, 68). യേശു അവകാശപ്പെട്ടത് ഗൗര വമായി പരിശോധിക്കുവാൻ അവർക്ക് താല്പര്യമില്ലായിരുന്നു. നിങ്ങൾ അതു പോലെ അല്ല എന്നു ഞാൻ കരുതുന്നു. യേശു താൻ അവകാശപ്പെട്ടതു പോലെ എല്ലാമാണ് എന്ന് നമ്മുടെ ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള ഈ പഠനംകൊണ്ട് ബോധ്യമാകും, തീർച്ചയാണ്.[24] ക്രിസ്തുവിലുള്ള നിങ്ങ ളുടെ വിശ്വാസം നിങ്ങൾ മുൻപ് ഏറ്റു പറഞ്ഞിട്ടില്ലെങ്കിൽ, നിങ്ങൾ ഇന്നു തന്നെ യേശുവിൽ "കുറ്റം ഒന്നുമില്ല എന്ന് നിങ്ങൾ വിധിച്ച് ഏറ്റു പറയുമെ ന്നാണ് ഞാൻ പ്രാർത്ഥിക്കയും പ്രത്യാശിക്കയും ചെയ്യുന്നത് – കാരണം യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്ന് ഞാൻ പൂർണ്ണഹൃദയ ത്തോടെ വിശ്വസിക്കുന്നു!" (മത്തായി 16:16).

**ഉപസംഹാരം**

"നിങ്ങൾ യേശുവിനെ എന്തു ചെയ്യും?" എന്ന ചോദ്യം നാം ചോദിക്ക യുണ്ടായി. നിങ്ങൾ ഒരു തീരുമാനം എടുക്കേണ്ട സമയമായി. ആൽബെർട്ട് സിമ്സൺ എഴുതി,

സ്നേഹിതരില്ലാതെ, ഉപേക്ഷിക്കപ്പെട്ട്, എല്ലാവരും ഒറ്റിക്കൊടുത്ത,
യേശു പിലാത്തൊസിന്റെ ഹാളിൽ നില്ക്കുന്നു.
കേൾക്കുക! പെട്ടെന്ന് അവനെ വിളിപ്പിച്ചതിന്റെ അർത്ഥം എന്താണ്
നിങ്ങൾ യേശുവിനെ എന്തു ചെയ്യും?

യേശു അപ്പോഴും വിചാരണക്കു നിൽക്കുന്നു,
നിങ്ങൾക്ക് വേണമെങ്കിൽ, അവനോട് തെറ്റു ചെയ്യാം;
നന്മക്കോ തിന്മക്കോ നിങ്ങൾക്ക് വിശ്വസ്തമാകുവാൻ കഴിയും,
നിങ്ങൾ യേശുവിനെ എന്തു ചെയ്യും?

പിലാത്തൊസ് ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചതുപോലെ നിങ്ങൾ ചെയ്യുമോ,
അതോ എന്തു തന്നെയായാലും നിങ്ങൾ അവനെ തിരഞ്ഞെടുക്കുമോ?
നിങ്ങൾ അവനിൽ നിന്നും ഒളിക്കുന്നതു പാഴ് ശ്രമമാണ്.
നിങ്ങൾ യേശുവിനെ എന്തു ചെയ്യും?

എന്റെ സ്നേഹിതാ, നിങ്ങൾ യേശുവിനെ എന്തു ചെയ്യും?
നിഷ്പ്പക്ഷമായിരിക്കുവാൻ സാധ്യമല്ല,
ഒരുനാൾ നിങ്ങളുടെ ഹൃദയം ചോദിക്കും, ഓ സ്നേഹിതാ,
"അവൻ എന്നെ എന്തു ചെയ്യും?"[25]

യേശു തങ്ങളുടെ മുൻപിൽ വിചാരണക്കായി നിന്നപ്പോൾ പിലാ ത്തൊസും യെഹൂദന്മാരും മനസിലാക്കാതിരുന്ന കാര്യം അവർ യേശുവിന്റെ മുൻപിൽ വിചാരണക്കായി നില്ക്കുകയായിരുന്നു എന്നതാണ്. അവർ യേശു വിനെ മരണശിക്ഷക്ക് വിധിച്ചപ്പോൾ തങ്ങളെത്തന്നെ അവർ വിധിക്കുകയാ യിരുന്നു. ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ പിലാത്തൊസിന് തന്റെ സ്ഥാനം നഷ്ടമാകയും ആത്മഹത്യ ചെയ്യുകയുമുണ്ടായി.[26] ഏതാനും ദശാ

ബ്ദങ്ങൾ കഴിഞ്ഞപ്പോൾ, യെരുശലേം തന്നെ നശിപ്പിക്കപ്പെട്ടു. യേശുവിനെ കുറിച്ച് ഇന്ന് നിങ്ങൾ എടുക്കുന്ന തീരുമാനം നിങ്ങൾ നിത്യത എവിടെ ചെലവഴിക്കുമെന്നതിനെ ബാധിക്കും (മത്തായി 10:32, 33; 2 തിമൊഥെയൊസ് 2:12). നിങ്ങളുടെ പാപങ്ങളിൽനിന്ന് മാനസാന്തരപ്പെടണമെന്നുണ്ടെങ്കിൽ, അവനിലുള്ള നിങ്ങളുടെ വിശ്വാസം ഏറ്റു പറയണമെന്നുണ്ടെങ്കിൽ, അവന്റെ ഇഷ്ടം അനുസരിക്കണമെന്നുണ്ടെങ്കിൽ (ലൂക്കൊസ് 13:3; മത്തായി 10:32; മർക്കൊസ് 16:15, 16), ഇന്നു തന്നെ ചെയ്യുക!

**പ്രസംഗക്കുറിപ്പുകൾ**

ഇതിന് ഇടാവുന്ന മറ്റൊരു തലവാചകം ആണ്, ‘‘യേശു വിചാരണയിൽ” – നിങ്ങൾ മുൻപ് ഈ തലക്കെട്ട് ഉപയോഗിച്ചിട്ടില്ലെങ്കിൽ ഉപയോഗിക്കുക. നിങ്ങൾക്ക് വേണമെങ്കിൽ ഇതിനോടൊപ്പം യേശു ദൈവ മാണെന്നതിനുള്ള തെളിവുകൾ ചുരുക്കമായി ചേർക്കാം.

---

കുറിപ്പുകൾ

[1]ഈ പ്രസംഗത്തിനുള്ള വേദഭാഗങ്ങളാണ് മത്തായി 26:57, 59–68; 27:1, 2; 11–31; മർക്കൊസ് 14:53, 55–65; 15:1–20; ലൂക്കൊസ് 22:54, 63–71; 23:1–25; യോഹന്നാൻ 18:12–14, 19 –24, 28–40; 19:1–16. [2]ആ തടസങ്ങൾക്കുള്ള ഉത്തരങ്ങൾക്ക് നമ്മുടെ രക്ഷക്കായി യേശു എന്തുകൊണ്ട് *മരിക്കേണ്ടി*വന്നു എന്നു വിശദമാക്കുകയാണ്. [3]ഈ പ്രസംഗം വിചാര ണകളെ കുറിച്ചുള്ള പി–തുടർച്ചാ പാഠങ്ങളായിട്ടല്ല ഉപയോഗിക്കുന്നതെങ്കിൽ, നിങ്ങൾക്ക് വിചാരണകളെ അവലോകനം ചെയ്യാം. [4]കോളേജ് ഓഫ് ലാക്ക് അമേരിക്കയിലെ മസാ ച്ചുസേറ്റിലെ പേരു കേട്ട കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റിയാണ് ഹാർവാർഡ്. [5]റെയ്മണ്ട് ഇ. ബ്രൗൺ, *ദ ഡെത്ത് ഓഫ് മെസയാ*, വാല്യം. 1 (ന്യൂയോർക്ക്.:ഡബിൾഡേ, 1994), 330. [6]മിഷ്നാഹ് (“മിഷ്നാ” എന്നും ഉച്ചരിക്കും), അതോടൊപ്പം *ജെമറാ*യും (മിഷ്നയെ കുറിച്ച് പിന്നീടുണ്ടായ കമെന്ററികൾ) ചേർന്നതാണ് താൽമൂദ്, അതാണ് ഇപ്പോഴും യെഹൂദന്മാരുടെ പ്രവൃത്തികളുടെ നിയമാവലികളായി ഇന്നും എടുക്കുന്നത്. [7]ഈ ലിസ്റ്റ് വിവിധ ഉറവിടങ്ങളിൽ നിന്നെടുത്തതാണ്, അതിൽ ഉൾപ്പെടുന്നതാണ്, ബ്രൗൺ, 358–59 ഉം ബ്രൂസ് കോർലേ, “ട്രയൽ ഓഫ് ജീസസ്,” ഡിക്ഷണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡിറ്റേഴ്സ്. ജോവേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill.:ഇന്റർ വാഴ്സിറ്റി പ്രസ്, 1992), 851. [8]ന്യായാധിപസ ഭയുടെ *പദ്ധതിക്കും പ്രവൃത്തികൾക്കും* സഭയിലെ ഒരംഗമായിരുന്ന അരിമഥ്യയിലെ യോസേഫിന് സമ്മതമില്ലായിരുന്നു എന്ന് ലൂക്കൊസ് പിന്നീട് ചൂണ്ടിക്കാട്ടി (ലൂക്കൊസ് 23:51). ആ പ്രവൃത്തികൾ നടന്നപ്പോൾ ഒരുപക്ഷെ യോസേഫ് അവിടെ ഉണ്ടായിരുന്നിരി ക്കയില്ല, അല്ലെങ്കിൽ മർക്കൊസും ലൂക്കൊസും “എല്ലാവരും” എന്ന് ഉരയോഗിച്ചത് “ബഹുഭൂരിപക്ഷത്തെ” ഉദ്ദേശിച്ചായിരിക്കാം. [9]ഒരു യെഹൂദ കോടതിയും ഇത്തരത്തിൽ അഭക്തിയുള്ള വിചാരണ നടത്തുകയില്ല എന്ന രീതിയിൽ പുതിയനിയമസുവിശേഷവി വരണങ്ങളിലെ യെഹൂദ വിചാരണയെ ചിലർ ചോദ്യം ചെയ്തിട്ടുണ്ട്. നീതിയെ വികല മാക്കിക്കൊണ്ടുള്ള പല സംഭവങ്ങളും ചരിത്രത്തിൽ നടന്നത് ഈ തടസം ഉന്നയിക്കുന്ന വർ അറിഞ്ഞിരിക്കയില്ല – “മതപരമായ ട്രിബ്യൂണലുകളിൽ പോലും” – നടന്നതിനു ചരിത്രം സാക്ഷ്യം വഹിക്കുന്നു. സുവിശേഷവിവരണ എഴുത്തുകാരെല്ലാം ദൈവശ്വാസിയമാ യിട്ടാണ് എഴുതിയതെന്ന് ഞാൻ വിശ്വസിക്കുന്നു, അതുകൊണ്ട് അവർ എഴുതിയതെല്ലാം സത്യമാണ്, സത്യം മാത്രമാണ്. [10]ചിലർ ഇഷ്ടപ്പെടുന്നത് “ക്രമവിരുദ്ധം” എന്നാണ്

എന്നാൽ കൂടതൽ യോജിക്കുന്നത് "നിയമരാഹിത്യം" എന്നതാണ്.

[11]ചിലർ വിശ്വസിക്കുന്നത് ചുരുങ്ങിയത് ഇരുപത്തി–ഏഴു നിയമരാഹിത്യം നടന്നു എന്നാണ്. [12]ലിസ്റ്റ് വിപുലപ്പെടുത്തുവാൻ കഴിഞ്ഞേക്കാം. ഉദാഹരണത്തിന്, മിഷ്നാ അനുസരിച്ച്, കേസിന്റെ സാക്ഷിയായിരിക്കുന്നവർക്ക് ന്യായകർത്താവായിരിക്കുവാൻ (പാടില്ലസാൻഹെഡ്രിൻ 5.4), എന്നാൽ ന്യായാധിപസഭയിലെ അംഗങ്ങൾ യേശുവിൽ "ദൈവദൂഷണകുറ്റം" ആരോപിച്ച–വർ സാക്ഷികളും ന്യായകർത്താക്കളുമായിരുന്നു (ലൂക്കൊസ് 22:71). [13]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം. 1, (വീറ്റൺ. Ill.:വിക്ടർ ബുക്സ്, 1989), 377. [14]എ. എൻ. ഷെർവിൻ–വൈറ്റ്, "പൈലറ്റ്, പൊന്തിയോസ്." ദ ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ, റെവ., ജെന. എഡി. ജെഫ്രി. ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ളിയു. എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1986), 3:868. [15]കാർലേ, 849. 1902–ൽ സാഹിത്യത്തിന് നോബൽ സമ്മാനം കരസ്ഥമാക്കിയ ജെർമ്മൻകാരനായ തിയോഡർ മോംസന്റെ പഠനം സൂചിപ്പിച്ച് കാർലെ പറഞ്ഞതാണ്. മോംസന്റെ പ്രസിദ്ധ–മായ ഒന്നാണ് നാല്–വാല്യം വരുന്ന റോമൻ ചരിത്രം. [16]വാൾട്ടർ വാങ്കരിൻ, ജൂനിയർ. *ദ ബുക്ക് ഓഫ് ഗോഡ്:ദ ബൈബിൾ ആസ് എ നോവെൽ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1996), 796. [17]പിലാത്തൊസ് ചുരുങ്ങിയത് യേശുവിനെ സംരക്ഷണ കസ്റ്റഡിയിൽ എടുക്കേണ്ടതായിരുന്നു. [18]ലൂക്കൊസിലേയും യോഹന്നാനിലേയും ചില പ്രസ്താവനകൾ കെട്ടിമറിഞ്ഞു കിടക്കുകയാണ്, ഞാൻ അവയെ വേർപെടുത്തി പറഞ്ഞിരിക്കുന്നു. [19]"ജിയോപാർഡി" എന്ന വാക്ക് അപകടം അല്ലെങ്കിൽ വിപത്തിനെ സൂചിപ്പിക്കുന്നു. വിചാരണയുടെ കാര്യത്തിൽ, ആ വാക്ക് സൂചിപ്പിക്കുന്നത് ശിക്ഷാവിധിയുടെ ആപത്തായിട്ടാണ്. അമേരിക്കയിൽ മിക്കവാറും എല്ലാ സ്റ്റെയിറ്റിലും ഭരണഘടനാ പരമായ സംരക്ഷണം നൽകുന്നതാണ് ഡബിൾ ജിയോപാർഡിക്കെതിരായ വിലക്ക്. അതേ രീതിയിലുള്ള നിയമം പല രാജ്യങ്ങളിലുണ്ട്. [20]യെഹൂദന്മാരോടുള്ള പിലാത്തൊസിന്റെ ചഞ്ചല മനോഭാവത്തെ നിങ്ങൾക്ക് വേണമെങ്കിൽ അവലോകനം നടത്താം.

[21]എച്ച്. ഐ. ഹെസ്റ്റർ, ദ ഹാർട്ട് ഓഫ് ദ ന്യൂടെസ്റ്റമെന്റ് (ലിബെർട്ടി, മോ.:ക്വാളിറ്റി പ്രസ്, 1963), 211. പിലാത്തൊസ് യേശുവിനെ ക്രൂശിക്കുവാൻ ഏല്പിച്ചുകൊടുത്തപ്പോൾ ഏതാണ്ട് രാവിലെ 6.00 മണി ആയിരുന്നു ("എല്ലാവരും ഉത്തരം നൽകേണ്ട ചോദ്യം" എന്ന പാഠത്തിലെ യോഹന്നാൻ 19:14 ന്റെ കുറിപ്പ് നോക്കുക), അതു സൂചിപ്പിക്കുന്നത് ആ നടപടികൾ മുഴുവൻ നിയമരഹിതമായും ധൃതിപിടിച്ചും ചെയ്തു എന്നാണ്. [22]യേശുവിന്റെ ശത്രുക്കൾ വിചാരിച്ചത് അവനെതിരായി കള്ളസാക്ഷികളെ വരുത്താമെന്നാണ് (മത്തായി 26:59) അതു തെളിയിക്കുന്നത് അവർക്ക് അവനെ ശിക്ഷിക്കുവാൻ സത്യസാക്ഷികളെ കിട്ടുകയില്ല എന്ന് അവർക്ക് അറിയാമായിരുന്നു എന്നാണ്. [23]യേശു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചതുകൊണ്ട് (1 കൊരിന്ത്യാർ 15:3) നമ്മുടെ എല്ലാവരുടേയും പാപങ്ങൾ നിമിത്തമായിരുന്നു അവൻ ക്രൂശിൽ കയറിയത്. അത് നാം "ക്രിസ്തുവിന്റെ ജീവിതം 13" ൽ നാം ചർച്ച ചെയ്യും. ഇപ്പോൾ, ഈ പ്രസംഗത്തിൽ അവന്റെ ശത്രുക്കളുടെ പാപത്തെ നമുക്ക് അവലോകനം ചെയ്യാം. [24]യേശുവിന്റെ ദൈവികത്വ തെളിവുകൾ കാണിച്ച് ഈ ചിന്ത നിങ്ങൾക്ക് വിപുലപ്പെടുത്താം. ഈ പ്രസംഗത്തിനു ശേഷമുള്ള "കുറിപ്പുകൾ" നോക്കുക. [25]ആൽബെർട്ട് സിമ്സൺ. "യേശുവിനെ നിങ്ങൾ എന്തു ചെയ്യും?" *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്,* കോമ്പ് ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.:ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1994). [26]ഇതിനെ കുറിച്ച് കൂടുതലായി ഈ പുസ്തകത്തിലുള്ള "പൊന്തിയോസ് പിലാത്തൊസ് (ആന്റ് ദ ഡെത്ത് ഓഫ് ജീസസ്)" നോക്കുക.